നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 ഒക്ടോബർ 5, വെള്ളി

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 1979 ഒക്ടോബർ 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ക്ലാസ്-2 മൈനർ ഇറിഗേഷൻ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്ന ഭൂമി

* 159 [172] ശ്രീ. പി. ആർ. ശിവൻ:

,, സി. വാസുദേവ മേനോൻ:

,, ടി. കെ. അബ്ദു:

,, എൻ. സുബ്രഹ്മണ്യഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും-ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) ക്ലാസ്-2 മൈനർ ഇറിഗേഷൻ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്ന ഭൂമിക്ക് ഏക്കറൊന്നിന് രണ്ടായിരം രൂപയിൽ കൂടുതൽ ചെലവഴിച്ചു കൂടെന്ന ഗവൺമെൻറു തീരുമാനം മാറ്റണമെന്ന് വല്ല നിവേദനവും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു തീരുമാനമെടുത്തു;

(സി) ഏക്കറിന് 2000 രൂപ എന്ന എക്സ്പോമിക്ക് ലിമിറ്റ് ഉള്ളതുകാരണം നിരവധി ക്ലാസ്-2 മൈനർ ഇറിഗേഷൻ ജോലികളും സ്തംഭനത്തിലാണെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ സ്തംഭനാവസ്ഥ ഒഴിവാക്കുവാൻ അടിയന്തിര നടപടികളും എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, (എ) ഉണ്ട്.

(ബി) 22-9-1979-ൽ പുറപ്പെടുവിച്ച ജി.ഒ. (എം.സ്.) 362/79 കൃ. വ. ഉത്തരവുപ്രകാരം, ഏക്കറൊന്നിന് രണ്ടായിരം രൂപയെന്നത് രണ്ടായിരത്തി അഞ്ഞൂറുരൂപയായി ഉയർത്തിയിട്ടുണ്ട്.

(സി) നിരവധിയുണ്ടായിരുന്നില്ല. ചിലത് അങ്ങനെ സംഭവിച്ചിട്ടുണ്ട്.

(ഡി) പ്രോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ആർ. ശിവൻ: ക്ലാസ്-2 മൈനർ ഇറിഗേഷൻ ജോലികൾക്ക് തുക ഏക്കറൊന്നിന് 5000 രൂപവരെ ആയി ഉയർത്തി നിശ്ചയിക്കണമെന്ന് എൻജിനിയേഴ്സ് അസോസിയേഷന്റെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: നിവേദനം ലഭിച്ചിട്ടുണ്ട്. അതെല്ലാം പരിഗണിച്ച് ഏക്കറിന് 2500 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ആർ. ശിവൻ: ക്ലാസ്-2 മൈനർ ഇറിഗേഷനുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള ആയിരക്കണക്കിനു പ്രോസ് ബാറുകൾ മേജർ ഇറിഗേഷന്റെ ആയക്കട്ട് ഏരിയായിൽപെടും എന്നുപറഞ്ഞ് ഇവർതമ്മിൽ മൽസരിച്ച് ഇതിന്റെ മെയിൻറനൻസ് നിർവ്വഹിക്കാതിരിക്കുന്നതുകൊണ്ട് അവ പ്രയോജനപ്പെടാതെ പോകുന്നു. ഇതു പരിഹരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് തെറ്റിദ്ധാരണയാണ്. ഒരു മൽസരവുമില്ല. കെ.എൽ.ഡി.സി. നിർവ്വഹിക്കേണ്ട ചുമതലകളും മൈനർ ഇറിഗേഷൻ വിഭാഗം ചെയ്തുതീർക്കേണ്ട ചുമതലകളും എന്നു വിഭജിച്ച് ഇപ്പോഴും ആ ജോലികൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വാസുദേവ മേനോൻ: 2500 രൂപ എന്നു നിശ്ചയിച്ചാൽ അതുകൊണ്ട് ഏറ്റെടുക്കാൻ കഴിയാത്ത ജോലികൾ മുടുങ്ങുന്നു. രൂപയുടെ മൂല്യം പിടിച്ചുനിർത്താൻ കഴിയാത്തതുകൊണ്ട്, രൂപ കണക്കാക്കി നിശ്ചയിച്ച് ചെയ്യുന്നതിനുപകരം മറ്റു വല്ല സംവിധാനവും ഏർപ്പെടുത്തുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഒരേക്കർ ഏരിയായിൽ 2000 ക. വരെ ചെലവഴിച്ചാൽ അതു സാമ്പത്തികമായി ചെയ്യാൻ കഴിയുന്ന ഒന്നാണ് എന്നു നിശ്ചയിച്ചിരുന്നു. അതു പിന്നീട് ആലോചിച്ചു തീരുമാനിച്ചത് നാലിലൊന്നുവരെ വർദ്ധിപ്പിക്കാം എന്നാണ്. അതിനുപകരം വേറൊരു പദ്ധതിയെക്കുറിച്ച് അത്ര പെട്ടെന്നു പറയാൻ വയ്യ. ഇത് എക്കണോമിക്കലായിരിക്കണം.

ശ്രീ. സി. വാസുദേവ മേനോൻ: പല പദ്ധതികളും ഏറ്റെടുക്കുന്ന സമയത്തു നിശ്ചയിക്കുന്നതിനെക്കാൾ പത്തും ഇരുപതും ഇരട്ടി ചെലവു വരുന്നതുകൊണ്ട്, വേറെ വല്ല ചെലവു നിർണ്ണയ രീതിയെപ്പറ്റിയും ആലോചിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ: പത്തും ഇരുപതും ഇരട്ടിവരുന്നതു വേറെ കാരണങ്ങൾകൊണ്ടായിരിക്കും. ലാൻറ് വാല്യു സംബന്ധിച്ച കാരണങ്ങൾ കാണും. സറണ്ടർ ചെയ്യാതിരിക്കുക, അമിതമായ വില ചോദിക്കുക മുതലായവ കൊണ്ടായിരിക്കും. ഒഴിച്ചുകൂടാത്ത അതുപോലെയുള്ള കാരണങ്ങളാൽ കൂടുകയാണെങ്കിൽ, എക്കണോമിക്ക് ലെവൽ കഴിഞ്ഞുപോകുന്നുവെങ്കിലും പ്രത്യേകം പരിഗണിക്കാറുമുണ്ട്.

ശ്രീ. ടി. കെ. അബ്ദു: ക്ലാസ്–2 മൈനർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയ സ്ഥലങ്ങളിൽ വെള്ളക്കരം ഈടാക്കിയിരുന്ന തുക വർദ്ധിപ്പിച്ചിട്ടും, 2000-ത്തിനു നടക്കാത്ത പ്രവൃത്തികൾ 2500-നു നടക്കുകയില്ലെന്നു ശ്രദ്ധയിൽപെട്ടിട്ടില്ലേ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെയൊന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. 2500 ആയി വർദ്ധിപ്പിക്കുമ്പോൾ സാധാരണഗതിയിൽ വരേണ്ട വർക്കുകൾ അതിൽവരും. ചിലതൊക്കെ യഥാർത്ഥത്തിൽ എക്കോണമിക്ക് ലെവലിൽ വരാത്ത വർക്കുകൾ എടുക്കണമെന്ന അവരുടെ ആഗ്രഹംകൊണ്ട് ഉണ്ടാകുന്ന പരാതിയാണ്.

ശ്രീ. ടി. കെ. അബ്ദു: ഇന്നു മുടങ്ങിക്കിടക്കുന്ന അനവധി മൈനർ ഇറിഗേഷൻ വർക്കുകൾ നഷ്ടമായതുകൊണ്ട് ഏറ്റെടുക്കാൻ ആളുകളില്ലാത്ത വയാണ്. ആ വർക്കുകൾ ഏറ്റവും അത്യാവശ്യമായിട്ടുള്ള സ്ഥലങ്ങളിൽ തുക അലപംകൂടി വർദ്ധിപ്പിച്ചു കൊടുക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഇപ്പോഴും ചൂണ്ടിക്കാണിച്ചാൽ പരിഗണിക്കും. ഇട്ടിട്ടുപോയ വർക്കുകൾ ഇടയ്ക്കുവച്ച് അവസാനിപ്പിക്കുന്ന നയം ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ഏറ്റെടുക്കാത്തത് എന്തുകൊണ്ടാണെന്നുവച്ചാൽ, ഒക്കുകയില്ല എന്നതുതന്നെ കാരണം. ബെനിഫിഷ്യറിക്കമ്മിറ്റിയാണ് ഇത് ചെയ്യുന്നത്. ഡിപ്പാർട്ടുമെൻറിൽനിന്ന് സിമൻറോ, കമ്പിയോ കിട്ടുകയില്ല. 2400 രൂപയാണ് കമ്പിക്കു ഗവൺമെൻറുറേറ്റെങ്കിൽ 2400 കൊടുത്താലും കിട്ടുകയില്ല. റേറ്റിൻറെ കാര്യം പൊതുമരാമത്തുമന്ത്രിയോടുതന്നെ ചോദിച്ചാലറിയാം. 40 ശതമാനം കൂടുതലാണ്. അതുകൊണ്ട് റേറ്റിൽ വ്യത്യാസം വരുത്തുമോ?

ശ്രീ. എം. കെ. രാഘവൻ: ബ്ലാക്ക് മാർക്കറ്റിൽ ഇരുമ്പിൻറെ വില ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. പൊതുമാർക്കറ്റിലെ നിയന്ത്രിതമായ വിലവച്ചല്ലാതെ എസ്റ്റിമേറ്റ് ചെയ്യാൻ നിവൃത്തിയില്ല. അതുകൊണ്ട് ഉടനടി വ്യത്യാസം വരുത്താൻ ഒക്കുകയില്ല. വിലവർദ്ധനവ് ശാശ്വതമാണെങ്കിൽ അതിൻറെയടിസ്ഥാനത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കാം.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: ശാശ്വതമാകുന്നതുവരെ ഇറിഗേഷൻ വർക്കുകൾ നടത്തണ്ട എന്നല്ലേ ഇതിൻറെ അർത്ഥം?

ശ്രീ. എം. കെ. രാഘവൻ: എന്നർത്ഥമില്ല. സാങ്കൽപികമായ അർത്ഥം കല്പിക്കണ്ട.

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: 2500 ആയിവർദ്ധിപ്പിച്ചിട്ടും ചില വർക്കുകൾ സ്തംഭനത്തിൽ തുടരുന്നുണ്ടോ; എങ്കിൽ പ്രത്യേകമായി പരിഗണിച്ച് ആ വർക്കുകൾ പൂർത്തിയാക്കുമോ?

ശ്രീ. എം. കെ. രാഘവൻ: 2500 എന്ന് നിശ്ചയിച്ചിരിക്കുന്നു. ഏഴായിരം രൂപയാണ് ഒരു വർക്കിന്റെ ചെലവ് എന്നുവച്ചാൽ അത് എടുക്കാൻ ഒക്കുകയില്ല. നേരത്തറിച്ച് മാർജിനൽ കേസ്സ് ആണെങ്കിൽ 2600 ഓ 2700 ഓ 2800 ഓ ആണെങ്കിൽ പരിഗണിക്കാം. പക്ഷേ പ്രത്യക്ഷത്തിൽത്തന്നെ അൺഎക്കണോമിക്ക് ആയിട്ടുള്ളതിനെപ്പറ്റി ചിന്തിക്കാൻ നിർവ്വാഹമില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: പൂർത്തിയാകാത്ത മൈനർ ഇറിഗേഷൻ ജോലികൾ ചൂണ്ടിക്കാണിച്ചാൽ ഏറ്റെടുത്തു പൂർത്തിയാക്കാമെന്നു പറഞ്ഞു. ഈ സഭയുടെ മുൻപിൽ അക്കൗണ്ടന്റ് ജനറൽ അവതരിപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽത്തന്നെ പതിനെട്ടുവർഷമായി പൂർത്തീകരിക്കാത്ത വർക്കുകൾ ഉണ്ട്. പുത്തനായിട്ടുവേണ്ട; അങ്ങനെയുള്ള വർക്കുകളുണ്ട്. ഉദാഹരണത്തിന് കരിക്കകം മൈനർ ഇറിഗേഷൻ വർക്ക് ഉണ്ട്. അങ്ങനെ പതിനെട്ടു വർഷമായിട്ടും പൂർത്തിയാക്കാത്ത വർക്കുകൾ പൂർത്തീകരിക്കാൻ അടിയന്തിരമായി പരിശ്രമിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ചൂണ്ടിക്കാണിച്ചിട്ടുള്ള പൂർത്തിയാകാത്ത പണികൾ ഓരോന്നായി ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് പലതും പൂർത്തിയായിട്ടുണ്ട്. ഇതു പരിശോധിക്കാം. പൂർത്തിയായിട്ടില്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: 2500 എന്ന കണക്കുവച്ചാൽ ചില ദിക്കിൽ പതമുള്ള മണ്ണും മറ്റു ചില ദിക്കിൽ പാറയുമായിരിക്കും. അതുകൊണ്ട് പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ ഒന്നും നടന്നിട്ടില്ല എന്നുള്ളതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: മണ്ണിന്റെ നൽപ്പുതിൽപ്പു നോക്കിയിട്ടല്ല നിശ്ചയിക്കുന്നത്. പ്രയോജനപ്പെടുന്ന സ്ഥലം എത്രയെന്നതും സംഖ്യയും തമ്മിൽ പൊരുത്തപ്പെടുത്തി നോക്കുമ്പോൾ നഷ്ടമില്ലാത്ത രീതിയിലായിരിക്കണം. ഒരു ജില്ലയോടും പ്രത്യേകത കാണിച്ചിട്ടില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പ്രയോജനം കിട്ടുന്ന ഏക്കർ കണക്കാക്കുമ്പോൾ നെൽകൃഷി മാത്രമായി കണക്കാക്കാതെ വാണിജ്യ വിളകളെക്കൂടി കണക്കാക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെയാണ് ഏറ്റവും ഒടുവിലായി ചെയ്തുവരുന്നത്. തെങ്ങു മുതലായ നാണ്യവിളകൾക്ക് പ്രയോജനപ്പെടുമെങ്കിൽ അതും ഏക്കറേജിൽ പെടുത്തും.

ശ്രീ. പി. ശങ്കർ: ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതോടുകൂടി കുളം, ഏരി ഇതെല്ലാം ജൻമിയുടേയും ഭൂ ഉടമയുടെയും കൈവശവും, ഭൂമി കൃഷിക്കാരുടെ കൈവശവും ആയിരിക്കുകയാണ്, കുളം, ഏരി ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly
LIBRARY ARCHIVES Kerala Legislative Assembly

ഏറ്റെടുത്ത് ക്ലാസ്-2 മൈനർ ഇറിഗേഷൻ പദ്ധതിയാണ് നടപ്പിലാക്കുവാൻ കഴിയുന്നത്. അത് നടപ്പിലാക്കുന്നതിന് 2500 രൂപ പോരാതെ വരികയും ചെയ്യും. അതുകൊണ്ട് ആ തുക കുറച്ചുകൂടി വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: നേരത്തെ പറഞ്ഞതുപോലെ മാർജിനൽ കേസ്സ് ആണെങ്കിൽ നോക്കാം. വളരെ വ്യത്യാസം ഉണ്ടെങ്കിൽ പ്രയാസമാകും. കുളങ്ങളെല്ലാം പഴയ ഭൂ ഉടമകളുടെ കൈവശമിരിക്കുകയാണ്. ആ കുളങ്ങളും ഇന്ന് പൈസകൊടുത്ത് ഏറ്റെടുത്താൽ കൊള്ളാമെന്നുള്ള ആഗ്രഹമുണ്ട്. അത് പെട്ടെന്ന് നടക്കുമെന്ന് തോന്നുന്നില്ല.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ സമഗ്ര കാർഷിക വികസനം എന്നപേരിൽ ഒരു താലൂക്കിൽ ഒരു എൻ.ഇ.എസ്. ബ്ലോക്ക് വീതം തിരഞ്ഞെടുത്തുകൊണ്ട് അവിടെ വെള്ളം എത്തിച്ചുകൊടുക്കുവാൻ തക്കരീതിയിൽ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രാഥമിക നടപടിയെന്തെങ്കിലും ആയിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: പ്രാഥമിക നടപടി മാത്രമല്ല വളരെയധികം പുരോഗമിച്ചിട്ടുണ്ട്, വെള്ളമുള്ളിടത്ത് വെള്ളം എത്തിച്ചുകൊടുക്കേണ്ട കാര്യമില്ല. ഇല്ലാത്ത സ്ഥലങ്ങളിൽ ജലസേചന പദ്ധതി ഏർപ്പാട് ചെയ്തിട്ടുണ്ട്. കുറേ പുരോഗമിച്ചിട്ടുണ്ട്, കുറേ പുരോഗമിച്ചുവരികയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ഈ നിയമസഭയുടെ 1967-68-ലെ എസ്റ്റിമേറ്റ് കമ്മിറ്റി മൈനർ ഇറിഗേഷൻ പദ്ധതിയിൽ ചിലത് പൂർത്തീകരിക്കാത്തതിനെപ്പറ്റി പരാമർശിച്ചിരുന്നു. പെരുംകുളം ഏലാ പദ്ധതി അങ്ങനെയുള്ള ഒരു പദ്ധതിയാണ്. 1967-68-ലെ പോലെതന്നെ ഇന്നും ആ പദ്ധതിയുടെ സ്ഥിതി അതേനിലയിൽ തുടരുകയാണ്. അതുകൊണ്ട് നിയമസഭാ കമ്മിറ്റിയുടെ ശുപാർശ പരിശോധിച്ച് അതനുസരിച്ച് വേണ്ടനടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: അതിനെക്കുറിച്ച് പരിശോധിച്ച് പറയാം.

ശ്രീ. എം. സത്യനേശൻ: മേജർ ഇറിഗേഷൻ പ്രോജക്ട് കടന്നു പോകുന്ന ഏരിയായിൽ മൈനർ ഇറിഗേഷൻ പണികൾ നടത്തുവാൻ പാടില്ലായെന്നുള്ള നിബന്ധന വന്നതിന്റെ ഫലമായി നെയ്യാർ ഇറിഗേഷൻ പ്രോജക്ട് ഏരിയായിൽ മൈനർ ഇറിഗേഷൻ പണികളൊന്നും നടക്കുന്നില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റൂൾ റിവൈസ് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: ഒന്നും നടക്കുന്നില്ലായെന്ന് പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യത്തെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കാം.

ശ്രീ. കെ. സുകുമാരനുണ്ണി: ജൻമിമാരുടെ കൈവശം ഉള്ള കുളങ്ങളെ സംബന്ധിച്ചല്ല പറയുന്നത്. പാലക്കാടു ജില്ലയിൽ ഏതാനും മിച്ചഭൂമിയുടെ പേരിൽ നൂറുകണക്കിന് കുളങ്ങളും ഗവൺമെന്റിന്റെ കൈവശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ കുളങ്ങളെങ്കിലും അവിടത്തെ കൃഷിക്കാർക്ക് വെള്ളം വിട്ടുകൊടുക്കുവാൻവേണ്ടി മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ജി. പി. മംഗലത്തുമഠം: ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്ന സന്ദർഭത്തിൽ ഏതാണ്ട് ഏക്കർ ഒന്നിന് 2500 രൂപ വരത്തക്കനിലയിൽ ആയക്കെട്ട് വർദ്ധിപ്പിക്കുന്നതിലേക്ക് വേണ്ടി വസ്തു ഉടമസ്ഥരറിയാതെ തന്നെ ഡിപ്പാർട്ടുമെന്റും പഞ്ചായത്തും ചേർന്ന് പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 1958 മുതലുള്ള കരക്കുടിശിക കൊടുക്കുവാൻ വേണ്ട നടപടിനടത്തിവരികയാണ്. ഉടമസ്ഥരറിയാതെ നടത്തിയ ഈ പദ്ധതിയുടെ പേരിലുള്ള കരക്കുടിശിക ഈടാക്കൽ നടപടി നിർത്തിവയ്ക്കുവാനോ അല്ലെങ്കിൽ അവർക്ക് എന്തെങ്കിലും സംരക്ഷണം കൊടുക്കുവാനോ ഉള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അത് അറിയാതെയാണോ അറിഞ്ഞുകൊണ്ടാണോ നിയമരഹിതമായിട്ടാണോയെന്ന് പരിശോധിച്ചുപറയാം.

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേജസ്

*160 [173] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും–ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേജസ് നിശ്ചയിക്കുന്നതിന് നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ഗവൺമെന്റിനു ലഭിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ നിയമസഭാ സമ്മേളനക്കാലത്തുതന്നെ പ്രസ്തുത മിനിമം വേജസ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും–ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) 27–10–1977-ന്.

(ബി) 19–1–1979-ൽ സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം വേതനം പുതുക്കുന്നതു സംബന്ധിച്ച പ്രാഥമികവിജ്ഞാപനം പുറപ്പെടുവിച്ചു. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് ഉപദേശിക്കുന്നതിനായി 25–4–1979-ൽ മിനിമം വേജസ് ഉപദേശകസമിതിക്ക് അയച്ചുകൊടുത്തു. മിനിമം വേജസ് ഉപദേശകസമിതിയുടെ ഉപദേശം ഇതുവരെ കിട്ടിയിട്ടില്ല.

(സി) മിനിമംവേജസ് എത്രയുംവേഗം നടപ്പിലാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly